# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4384 — 17.12.2014 ൽ മറുപടിക്ക്

## 108 ആംബുലൻസ് സർവ്വീസ് ജീവനക്കാരുടെ സുരക്ഷിതത്വത്തിനായി ഇൻഷ്വറൻസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി. സത്യൻ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ഏത് ഏജൻസി വഴിയാണ് 108 ആംബുലൻസ് സർവ്വീസ് സംസ്ഥാനത്ത് നടത്തുന്നതെന്നും ഇതിനായുള്ള വ്യവസ്ഥകൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ ? | (എ) നിലവിൽ ജി.വി.കെ.ഇ.എം.ആർ.ഐ. എന്ന കമ്പനിയെയാണ് സംസ്ഥാനത്ത് '108' ആംബുലൻസ് സർവ്വീസിന്റെ ഓപ്പറേറ്റിംഗ് ഏജൻസിയായി തിരഞ്ഞെടുത്തിട്ടുള്ളത്. ഒരു പബ്ലിക് പ്രൈവറ്റ് പാർട്ണർഷിപ്പ് മോഡൽ ആയിട്ടാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. സുതാര്യമായ ഒരു ടെണ്ടർ മുഖേന ഏറ്റവും കുറഞ്ഞ തുക കോട്ട് ചെയ്യുന്ന ഏജൻസിയെയാണ് ഇതിന്റെ ഓപ്പറേറ്റിംഗ് ഏജൻസിയായി നിയമിക്കുന്നത്. |
| (ബി) ഓരോ വാഹനത്തിനും എത്ര ജീവനക്കാരെ വീതം ഏതൊക്കെ വിഭാഗത്തിലാണ് നിയോഗിച്ചിട്ടുള്ളതെന്നും ഇവരുടെ സേവന വേതന വ്യവസ്ഥകൾ എന്തൊക്കെയാണെന്നും ജോലി സമയം എത്ര ആണെന്നും വ്യക്തമാക്കാമോ? | (ബി) 24 മണിക്കൂറും എല്ലാ വാഹനങ്ങളിലും ഒരു ഡ്രൈവർ, ഒരു ഇ.എം.ടി (എമർജൻസി മെഡിക്കൽ ടെക്നീഷ്യൻ/ട്രെയിൻഡ് നഴ്സ്) ഉണ്ടാകണമെന്ന വ്യവസ്ഥയാണ് ടെണ്ടറിൽ ഉള്ളത്. ജീവനക്കാരുടെ നിയമനം, സേവന വേതന വ്യവസ്ഥകൾ, ജോലി സമയം മുതലായവ കേരളത്തിലെ തൊഴിൽ സംബന്ധമായി നിലനിൽക്കുന്ന വ്യവസ്ഥകൾ പ്രകാരം നടപ്പിലാക്കുന്നത് ഓപ്പറേറ്റിംഗ് ഏജൻസിയുടെ ഉത്തരവാദിത്വത്തിലാണ്. |
| (സി) പ്രസ്തുത ജീവനക്കാരുടെ സുരക്ഷിതത്വത്തിനായി ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുണ്ടോയെന്നും വാഹനം അപകടത്തിൽപ്പെട്ടാൽ ഇവർക്ക് എന്തെല്ലാം നിയമ പരിരക്ഷ ലഭിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ? | (സി) ജീവനക്കാരുടെ സുരക്ഷിതത്വം, നിയമ പരിരക്ഷ, സേവന വേതന വ്യവസ്ഥകൾ മുതലായകാര്യങ്ങൾ എല്ലാം കേരള സർക്കാരിൽ നിലവിലുള്ള നിയമ വ്യവസ്ഥകൾ അനുസരിച്ച് നടപ്പാക്കണം എന്നുള്ളതാണ് ടെണ്ടറിലെ വ്യവസ്ഥ. |
| (ഡി) 108 വാഹനങ്ങൾ അപകടത്തിൽപെടുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെങ്കിലും മരണപ്പെട്ടിട്ടുണ്ടോ? കണക്കുകൾ വ്യക്തമാക്കാമോ; | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>'108' ആംബുലൻസ് സർവ്വീസ് പ്രവർത്തനം ആരംഭിച്ചതുമുതൽ 8 പേർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ